നം. എൻ2/42192/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 14/06/2017
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കൂൾ കുട്ടികൾക്കായുള്ള സ്കോളർഷിപ്പുകൾ
- സമയ ബന്ധിതമായി പൂർത്തിയാക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. ഈ ആഫീസിലെ സർക്കുലർ നമ്പർ. N2/85744/2016 തീയതി. 10/01/2017
2. പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കത്ത് നം. A3/924/2017 തീയതി 02/06/2017.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികളിലൂടെയും, മറ്റ് സർക്കാർ സ്ഥാപനങ്ങൾ/ഏജൻസികൾ മുഖേനയും സ്കൂൾ കുട്ടികൾക്കുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ/ഗ്രാന്റുകൾ/സ്കോളർഷിപ്പുകൾ എന്നിവ അർഹരായ കുട്ടികൾക്ക് യഥാസമയം ലഭിക്കുന്നുണ്ട് എന്ന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും പ്രഥമാധ്യാപകരും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. വിദ്യാഭ്യാസ ഓഫീസർമാരുടെയോ, പ്രഥമാധ്യാപകരുടെയോ അനാസ്ഥ കാരണമോ, അശ്രദ്ധ കാരണമോ കുട്ടികൾക്ക് അർഹമായ ഗ്രാന്റുകൾ/സ്കോളർഷിപ്പുകൾ/ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവ നഷ്ടപ്പെടാൻ ഇടയുണ്ടാകരുത്.

വിവിധ മന്ത്രാലയങ്ങൾ, വകുപ്പുകൾ, മറ്റ് സർക്കാർ ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും പുറപ്പെടുവിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സംബന്ധിച്ച അറിയിപ്പുകൾ/നിർദ്ദേശങ്ങൾ എന്നിവ സമയബന്ധിതമായി സ്കൂളുകൾക്ക് നൽകേണ്ടതും ഇതു സംബന്ധിച്ച ആവശ്യമായ നിർദ്ദേശങ്ങൾ കൂടി നൽകി ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ ചുമതലയാണ്.

വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾ/പ്രൊപ്പോസലുകൾ പരിശോധിച്ച് നിശ്ചിത സമയത്തിനുള്ളിൽ തുടർ നടപടികൾക്ക് സമർപ്പിക്കാൻ എല്ലാ സ്കൂൾ പ്രഥമാധ്യാപകരും ശ്രദ്ധിക്കേണ്ടതാണ്.

JIMMY K. JOSE
of Public Instruction (Academic)
Directorate of Public Instruction
Thiruvananthapuram-14

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

**പകർപ്പ് :-**
1. **എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**
2. **എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും**
3. **എല്ലാ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും**
4. **എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും**